**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 79** **26-07-2021 - ൽ മറുപടിയ്ക്ക്**

**പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.വി.സുമേഷ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള പ്രവൃത്തികൾ സംബന്ധിച്ച പരാതികൾക്കായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷന് രൂപം നൽകിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് പരിപാലിച്ച് വരുന്ന റോഡ് ആസ്തികളിന്മേലുള്ള പരാതികൾ പൊതുജനങ്ങൾക്ക് വകുപ്പിന് സമർപ്പിക്കുന്നതിനായി പി.ഡബ്ല്യു.ഡി. ഫോർ യു എന്ന മൊബൈൽ ആപ്പ് റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇതുവരെ ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് പൊതുമരാമത്ത് വകുപ്പിന്റെ റോഡ് ആസ്തികളുടെ പരാതി അറിയിക്കുന്നതിനും അവ പരിഹരിക്കുന്നതിനും വേണ്ടിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇതിനായി വകുപ്പിന്റെ അധീനതയിലുള്ള എല്ലാ റോഡിന്റെയും മാപ്പ് ഡിജിറ്റൈസ് ചെയ്ത് ഉൾക്കൊള്ളിക്കേണ്ടതുണ്ട്. ഇപ്പോൾ 4000 കി.മീ സംസ്ഥാന പാതകളുടെ ഡിജിറ്റൈസേഷൻ പൂർത്തീകരിച്ച് ആപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാക്കി റോഡുകളുടെ ഡിജിറ്റൈസേഷൻ നടന്നു വരുന്നു. വകുപ്പിന്റെ മുഴുവൻ റോഡുകളും ഡിജിറ്റൈസ് ചെയ്ത് ഉൾക്കൊള്ളിക്കുന്ന മുറയ്ക്ക് ആപ്പ് പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നതാണ്. ആപ്പ് വഴി ലഭിക്കുന്ന പരാതികൾ വകുപ്പിന്റെ പരാതി പരിഹാര സെൽ വഴി ബന്ധപ്പെട്ട റോഡു വിഭാഗം ഉദ്യോഗസ്ഥർക്ക് കൈമാറി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പിലേയ്ക്ക് വരുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | പി.ഡബ്ല്യു.ഡി. ഫോർ യു ആപ്പ് വഴി പൊതുമരാമത്ത് വകുപ്പിന്റെ ഡിജിറ്റൈസ് ചെയ്ത ഒരു റോഡിന്റെ പരാതി സമർപ്പിക്കുമ്പോൾത്തന്നെ ആ റോഡിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർക്ക് പ്രസ്തുത പരാതി ഇമെയിൽ, |

| | | | |
|---|---|---|---|
| | | | എസ്.എം.എസ് എന്നിവ മുഖേന സിസ്റ്റം നൽകുന്നതാണ്. കൂടാതെ ആപ്പ് വഴി സമർപ്പിക്കുന്ന പരാതികൾ റോഡ് മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായ ഓൺലൈൻ പോർട്ടലിൽ ലോഗിൻ ചെയ്തതിനു ശേഷവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കാണുവാൻ സാധിക്കും. ഇതിനു പുറമെ പരാതിയുടെ ഒരു കോപ്പി പൊതുമരാമത്തു വകുപ്പിന്റെ പരാതി പരിഹാര സെല്ലിലേക്കും അയച്ചുകൊടുക്കും. പരാതി പരിഹാര സെല്ലിൽ ഓരോ പരാതിയും പരിശോധിച്ചു അവ പൊതുമരാമത്തു വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടേതാണ് എങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുകയും പരാതിയുടെ നിലവിലെ സ്ഥിതി സിസ്റ്റത്തിൽ അപ്ഡേറ്റ് ചെയ്യുകയും ചെയ്യും. കൂടാതെ പരാതിയുടെ ഒരു കോപ്പി റോഡ് മെയിന്റനൻസ് വിഭാഗത്തിലെ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു മോണിറ്ററിംഗ് ചെയ്യുന്നതിനും പരാതിയുടെ നിജസ്ഥിതി പരാതിക്കാരന് അറിയുന്നതിനുള്ള അപ്ഡേറ്റ് ചെയ്യുന്നതിനും കൈമാറും. പൊതുമരാമത്തു വകുപ്പിന്റെ റോഡുകളുടെ പരാതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചതിനു ശേഷം അവ പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. ഇതിനുവേണ്ടി കൈക്കൊള്ളുന്ന നടപടികൾ അതിന്റെ ഓരോ ഘട്ടത്തിലും പരാതിക്കാരന് അറിയുന്നതിന് വേണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരാതിയുടെ നിലവിലെ സ്ഥിതി അപ്ഡേറ്റ് ചെയ്യും. പൊതുമരാമത്തു വകുപ്പിന്റേതല്ലാത്ത റോഡുകളെപ്പറ്റിയുള്ള പരാതി പരാതിക്കാരന് ബന്ധപ്പെട്ട LSGD ഓഫീസിൽ സമർപ്പിക്കുന്നതിനായി തിരികെ നൽകും. |

സെക്ഷൻ ഓഫീസർ